# Malayala Manorama
# 28 August 2018
# Cheranallur, After Flood, Flood Victims, Free Medical Camp

## സൗജന്യ മെഡിക്കൽ ക്യാംപ്

ചേരാനല്ലൂർ • പ്രളയബാധിതർക്ക് ആരോഗ്യപരിരക്ഷയ്ക്കായി കൊച്ചി സിറ്റി പൊലീസ് സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു.ലേക്ഷോർ ആശുപത്രി, മൈക്രോമാക്സ് മൊബൈൽ കമ്പനി എന്നിവയുടെ സഹകരണത്തോടെയാണു ക്യാംപ് സംഘടിപ്പിച്ചത്. ഡോ. പി. ശോഭയുടെ നേതൃത്വത്തിലാണു പരിശോധന നടത്തിയത്. 250തിലേറെ പേർ ക്യാംപിൽ പങ്കെടുത്തു. വ്യാപകമാകാൻ സാധ്യതയുള്ള രോഗങ്ങൾക്കു മുൻഗണന നൽകിക്കൊണ്ടുള്ള പരിശോധനയും സൗജന്യ മരുന്നു വിതരണവുമാണു ക്യാംപിൽ നടന്നത്.